"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എൽ.എ.സി -എ.ഡി.എസ് 2013-14 - തിരുവമ്പാടി നിയോജക മണ്ഡലം - ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള പ്രവൃത്തി -തിരുവമ്പാടി ഗ്രാമപഞ്ചായത്തിന് പുതിയ കെട്ടിട നിർമ്മാണം'- പുതുക്കിയ ഭരണാനുമതി നൽകി - WP (C) നമ്പർ 2874/2019 യിൽ ബഹു. ഹൈക്കോടതിയുടെ 23/10/2019ലെ വിധി ന്യായം നടപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്**

**സ.ഉ.(സാധാ) നം.220/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 28/01/2020

---

പരാമർശം:- 1 സ.ഉ.(സാധാ)നം. 2576/2014/തസ്വഭവ തീയതി 01/10/2014

2 ബഹു. ഹൈക്കോടതിയുടെ WP(C)നമ്പർ -2874/2019 ൽ പുറപ്പെടുവിച്ച 23/10/2019ലെ വിധി ന്യായം.

3 9/12/2019-ലെ സ. ഉ (സാധാ )9952/2019/ധന നമ്പർ ഉത്തരവ്.

4 ശ്രീ.ജോർജ് എം തോമസ് എം.എൽ.എ. യുടെ 04.01.2020 ലെ കത്ത്

**ഉത്തരവ്**

മുൻ തിരുവമ്പാടി എം.എൽ.എ. ശ്രീ.സി.മോയിൻകുട്ടിയുടെ 2013-14 വർഷത്തെ ആസ്തിവികസന പദ്ധതിയിൽ നിന്നും കരുവാറ്റ ഗ്രാമ പഞ്ചായത്തിലെ Construction of New Building for Thiruvambady Grama Panchayatഎന്ന പ്രവൃത്തിക്ക് പരാമർശം 1 പ്രകാരം 115 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തിയായതിനാൽ ഭരണാനുമതി ലഭിച്ച തുക തദ്ദേശസ്വയംഭരണ വകുപ്പ് , പൊതുമരാമത്ത് വകുപ്പിന് ഡെപ്പോസിറ്റ് ചെയ്തു നൽകിയിരുന്നു. എന്നാൽ ടി പ്രവൃത്തി എസ്റ്റിമേറ്റ് തുകയേക്കാൾ അധിക നിരക്കിൽ ടെൻഡർ ആയതിനാൽ ഭരണാനുമതി തുകയിൽ അധികരിച്ച് വരുന്ന 18,55,928/- രൂപ കോൺട്രാക്ടർക്ക് അനുവദിച്ച് നൽകാൻ പരാമർശം 2 പ്രകാരം ബഹു. ഹൈക്കോടതി ഉത്തരവായിരുന്നു.

2.കോഴിക്കോട് ജില്ലയിലെ തിരുവമ്പാടി നിയോജക മണ്ഡലത്തിൽ 'തിരുവമ്പാടി ഗ്രാമപഞ്ചായത്തിന് പുതിയ കെട്ടിട നിർമ്മാണം' എന്ന പ്രവൃത്തിയ്ക്കായി 2012-16 നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിന്റെ കാലയളവിൽ ബാക്കിയുള്ള തുകയിൽ നിന്ന് 18.4 ലക്ഷം രൂപയും ബഹു. എം.എൽ.എയുടെ അനുമതിയോടു കൂടി നടപ്പ സാമ്പത്തിക വർഷത്തിൽ (2019-20) നിന്ന് 15,928 /- രൂപയും ചേർത്ത് ആകെ 18,55,928/- രൂപ ( പതിനെട്ട് ലക്ഷത്തി അൻപത്തിയഞ്ചായിരത്തി തൊള്ളായിരത്തി ഇരുപത്തിയെട്ട് രൂപ മാത്രം ) അധിക തുകയായി വിനിയോഗിക്കുവാൻ 04.08.18 ലെ സ.ഉ .(അ )നം .119/2018/ധന ഉത്തരവിലെ മാർഗ്ഗരേഖയിൽ ഇളവു വരുത്തി സൂചന ( 3 ) പ്രകാരം പ്രത്യേകാനുമതി നൽകി ഉത്തരവായിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷത്തിലെ ആസ്തി വികസന ഫണ്ട് പ്രവൃത്തികളുടെ ബിൽ തുകയിൽ ബാക്കി വരുന്ന തുകയിൽ നിന്ന് 15,928 രൂപ വിനിയോഗിക്കുന്നതിന് സൂചന (4 )പ്രകാരം സമ്മതപത്രം ലഭിച്ചിട്ടുണ്ട്.

3..സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവമ്പാടി നിയോജക മണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പരാമർശം (1) പ്രകാരം 115 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയ Construction of New Building for Thiruvambady Grama Panchayat എന്ന പ്രവൃത്തിയ്ക്കായി 2012-16 നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിന്റെ കാലയളവിൽ ബാക്കിയുള്ള തുകയിൽ നിന്ന് 18.4 ലക്ഷം രൂപയും , നടപ്പ സാമ്പത്തിക വർഷത്തിൽ (2019-20) നിന്ന് 15,928 /- രൂപയും ചേർത്ത് ആകെ 18,55,928/- രൂപ ( പതിനെട്ട് ലക്ഷത്തി അൻപത്തിയഞ്ചായിരത്തി തൊള്ളായിരത്തി ഇരുപത്തിയെട്ട് രൂപ മാത്രം ) അധിക തുകയായി വിനിയോഗിക്കേണ്ടതാണ് എന്ന നിബന്ധനയോടെ ടി പ്രവൃത്തിയ്ക്ക് ₹ 1,33,55,928( ഒരു കോടി മുപ്പത്തി മൂന്ന് ലക്ഷത്തി അൻപത്തിഅയ്യായിരത്തി തൊള്ളായിരത്തി ഇരുപത്തി എട്ട് രൂപ)യുടെ പുതുക്കിയ എസ്റ്റിമേറ്റിന് പുതുക്കിയ ഭരണാനുമതി നൽകിയും ഇപ്രകാരം ബഹു. ഹൈക്കോടതിയുടെ പരാമർശം 2 ലെ വിധി ന്യായം നടപ്പിലാക്കിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ ഐ എ എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

ശ്രീ. ..ജോർജ് എം തോമസ് എം.എൽ.എ.( ആമുഖ കത്ത് സഹിതം )

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ജില്ലാ കളക്ടർ, കോഴിക്കോട്

അഡ്വക്കേറ്റ് ജനറൽ(കേരള ),എറണാകുളം.(ഉപരി പത്രം സഹിതം)

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം.

ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്(കെട്ടിട വിഭാഗം ) , തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, തിരുവമ്പാടി ഗ്രാമ പഞ്ചായത്ത്, കോഴിക്കോട് .

ഫിനാൻസ് വകുപ്പ്(G.O(Rt) 9952/2019/Fin dated 19.12.2019)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ